(ബി) ഇതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങളെന്തെല്ലാം ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഈ പദ്ധതിയിൽ വികസിപ്പിച്ചുവരുന്നു. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡ്, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്നീ ഏജൻസികൾ വഴിയും ഗുണമേന്മയുള്ള റോഡ് നിർമ്മാണം ഏറ്റെടുക്കുന്നുണ്ട്.

(സി) 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളായി കെ.എസ്.ടി.പി. മുഖേന പദ്ധതിയിൽ വികസിപ്പിക്കുന്നതാണ്. കൂടാതെ സിറ്റി റോഡ് വികസനത്തിനായി കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്.

(ഡി) കെ.എസ്.ടി.പി. വഴി 6 പാക്കേജുകളായി 195 കിമീ. റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ബാക്കി മൂന്ന് പാക്കേജുകളുടെ പ്രവൃത്തികൾ അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കൽ

269 (7240) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതികളൊന്നുമില്ല.

റോഡ് അറ്റകുറ്റപ്പണി

270 (7241) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റ പണികളുടെ വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ശബരിമലയിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റ പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിലേക്കായി ദീർകാലാടിസ്ഥാനത്തിലുള്ള ഗ്യാരണ്ടിയോടുകൂടി ഹെവി മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുത്തവരുന്നു. ആദ്യഘട്ടമെന്ന നിലയിലാണ് ശബരിമല യിലിക്കുള്ള റോഡുകളുടെ പ്രവൃത്തികൾ ഇത്തരത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഇതുകൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പ്രവൃത്തികൾ റോഡ് ഫണ്ട് ബോർഡ്, ആർ.ഐ.സി.കെ. കെ.എസ്.ടി.പി. മുതലായവയുടെ പദ്ധതികൾ പ്രകാരവും ഏറ്റെടുത്ത് നടത്തിവരുന്നു. ബി.എം.&ബി.സി. പ്രവൃത്തികളിലെല്ലാംതന്നെ നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വിവരിച്ച പ്രവൃത്തികളെല്ലാം തന്നെ ആവർത്തന ചെലവ് കുറയ്ക്കുന്നതിന് ഉതകുന്നവയാണ്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പാതകളിലും, പ്രധാന ജില്ലാ റോഡുകളിലുമാണ് ഇത്തരം പദ്ധതികൾ പ്രാവർത്തികമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly